● കെ.എസ്.ആർ.ടി.സി. ജങ്ഷനിലെ ഗതാഗതക്കുരുക്ക്

ട്രാഫിക് സിഗ്നൽ ലൈറ്റുകൾ തുറന്നു, അടച്ചു...

തൊടുപുഴ: കെ.എസ്.ആർ.ടി.സി. ജങ്ഷനിലെ ഗതാഗതക്കുരുക്ക് നിയന്ത്രിക്കാനായി കൊട്ടിഘോഷിച്ച് പ്രവർത്തിപ്പിച്ച ട്രാഫിക് സിഗ്നൽ ലൈറ്റുകൾ അധികൃതർ പൂട്ടിക്കെട്ടി. ബുധനാഴ്ച പ്രവർത്തിപ്പിച്ച ലൈറ്റ് നിലവിൽ പ്രവർത്തനരഹിതമാണ്. വാഹന ഗതാഗതം കൃത്യമായി നിയന്ത്രിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇവിടെ വർഷങ്ങളുടെ ഇടവേളയ്ക്ക് ശേഷം സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചതെങ്കിലും ലൈറ്റ് പ്രവർത്തിപ്പിച്ച ബുധനാഴ്ച രൂക്ഷമായ ഗതാഗതക്കുരുക്കാണ് അനുഭവപ്പെട്ടത്. ഇടുക്കി റോഡിൽ മാരിയിൽ കവലയ്ക്ക് ജംഗ്ഷൻ മുതൽ പലപ്പോഴും വാഹനങ്ങളുടെ നീണ്ടനിരയാണ് രൂപപ്പെട്ടത്. സിഗ്നൽ ലൈറ്റിന്റെ സമയക്രമം കുറഞ്ഞതിനാൽ അധികം വാഹനങ്ങൾക്ക് മുന്നോട്ട് നീങ്ങാൻ കഴിയില്ലെന്ന സ്ഥിതിവിശേഷമായിരുന്നതായി വ്യാപക പരാതിയും ഉയർന്നിരുന്നു. മുമ്പത്തേക്കാൾ കൂടുതൽ സമയം എടുക്കുന്നതിനാൽ സ്കൂൾ ബസുകളടക്കം കുരുക്കിലകപ്പെട്ടു.

ഓഫീസുകളിലും മറ്റ് സ്ഥാപനങ്ങളിലുമെല്ലാം പോകുന്നവരും ബ്ലോക്കിലായി. പ്രൈവറ്റ് സ്റ്റാൻഡിന്റെ ഭാഗത്തേക്ക് ഫ്രീ ലെഫ്റ്റ് സൗകര്യം ഒരുക്കാത്തതാണ് കുരുക്ക് രൂക്ഷമാകാൻ കാരണമെന്ന വിമർശനവും ഉയർന്നിരുന്നു. വെങ്ങല്ലൂരിൽ സിഗ്നൽ ലൈറ്റ് സ്ഥാപിച്ച കമ്പനിയാണ് ഇവിടെയും സിഗ്നൽ പ്രവർത്തിപ്പിക്കുന്നത്.

തലവേദനയൊഴിഞ്ഞത് ട്രാഫിക് പോലീസിന്

കെ.എസ്.ആർ.ടി.സി ജംഗ്ഷനിലെ രൂക്ഷമായ ഗതാഗതക്കുരുക്കിന്റെ പേരിൽ നിരന്തരം പഴി കേട്ടിരുന്നത് ഡ്യൂട്ടിയിലുള്ള ട്രാഫിക് പോലീസുകാരാണ്. പോലീസ് ഗതാഗതം നിയന്ത്രിക്കുന്നതാണ് കുഴപ്പങ്ങൾക്ക് കാരണമെന്ന വിമർശനമാണ് പൊളിഞ്ഞത്.

ഉടൻ പ്രവർത്തന ക്ഷമം ആകും: തൊടുപുഴ ഡിവൈ.എസ്.പി.

ചില സാങ്കേതിക പ്രശ്നങ്ങൾ മൂലമാണ് സിഗ്നൽ സംവിധാനം ഓഫ് ചെയ്തത്. ഇത് സ്ഥാപിച്ച കമ്പനിയുമായി ബന്ധപ്പെട്ടിട്ടുണ്ട്. ഇടുക്കി റൂട്ടിലേയ്ക്കുള്ള ഗതാഗത തിരക്ക് കുറച്ച് പ്രതിസന്ധിയാണ്. സിഗ്നൽ സംവിധാനം സ്ഥാപിച്ചവർ എത്തി അടുത്ത ദിവസം തന്നെ സംവിധാനം കുറ്റമറ്റതാക്കുമെന്ന് തൊടുപുഴ ഡിവൈ.എസ്.പി സജി മാർക്കോസ് പറഞ്ഞു.

സിഗ്നൽ പ്രവർത്തിച്ചതോടെ മുമ്പില്ലാത്ത വിധം ഗതാഗതക്കുരുക്കുണ്ടായതോടെ വൻ പ്രതിഷേധമുയർന്നു. ജില്ലാ പോലീസ് മേധാവിയോടും ജനം പരാതി പറഞ്ഞതോടെ തൊടുപുഴയിലെ ഉന്നത ഉദ്യോഗസ്ഥനെത്തി സിഗ്നൽ സംവിധാനം താത്കാലികമായി നിറുത്തിവയ്ക്കാൻ നിർദ്ദേശം നൽകുകയായിരുന്നു. ഇനിയൊരു അറിയിപ്പുണ്ടാകുന്നത് വരെ സിഗ്നൽ പ്രവർത്തിപ്പിക്കില്ലെന്നാണ് വിവരം.

റോഡിന് വീതി വേണം

സിഗ്നൽ പ്രവർത്തിക്കുമ്പോഴും പ്രവർത്തനരഹിതമായിരിക്കുമ്പോഴും ഗതാഗതക്കുരുക്ക് തുടരുന്ന സാഹചര്യത്തിൽ റോഡിന് വീതികൂട്ടാതെ ഇത്തരം പരിഷ്കാരങ്ങളൊന്നും നടക്കില്ലെന്ന് ഉറപ്പായിക്കഴിഞ്ഞു.

ഗതാഗത നിയന്ത്രണത്തിനായി പോലീസ് ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ട്രാഫിക് റെഗുലേറ്ററി കമ്മിറ്റിയിൽ റിപ്പോർട്ടാക്കി മുമ്പ് നൽകിയിട്ടുള്ളതായിരുന്നു.

അനുസ്മരണവും പാട്ടുകൂട്ടം പരിപാടി ഉദ്ഘാടനവും

കട്ടപ്പന: ക്രൈസ്റ്റ് കോളജിലെ ബി.ബി.എ വിഭാഗം അധ്യാപകനായിരുന്ന ജോയ്സ് പി. ഷിബുവിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് കോളജിലെ അധ്യാപകരും വിദ്യാർഥികളും ചേർന്ന് പ്രാർഥനയും അനുസ്മരണവും സംഘടിപ്പിച്ചു.

വാഹനാപകടത്തിലാണ് അധ്യാപകൻ ജോയ്സ് പി. ഷിബു മരണപ്പെട്ടത്.

ജോയ്സ് പി. ഷിബുവിന്റെ ആഗ്രഹമായിരുന്ന പാട്ടുകൂട്ടം എന്ന സംഗീതപരിപാടിക്കും ചടങ്ങിൽ തുടക്കം കുറിച്ചു.

സ്വാഗതസംഘ രൂപീകരണം

പീരുമേട്: സംസ്ഥാന സർക്കാരിന്റെ നൂറു ദിന കർമ പദ്ധതിയിൽപെടുത്തി ഇടുക്കി ജില്ലയിൽ പൂർത്തീകരിച്ച പദ്ധതികളുടെ ഉദ്ഘാടനം ഒക്ടോബർ എട്ടിന് നടക്കും. രാവിലെ 11.30ന് കുട്ടിക്കാനം പി.ഡി.എസ്. അങ്കണത്തിൽ കൃഷി വകുപ്പു മന്ത്രി ടി. സിദ്ധിക്ക് ഉദ്ഘാടനം ചെയ്യും.

സുഗന്ധവ്യഞ്ജന സെക്കന്ററി പ്രോസസിങ് യൂണിറ്റ്, പ്രൈമറി പ്രോസസിങ് യൂണിറ്റ്, ഇന്റിഗ്രേറ്റഡ്പാക് ഹൗസ് എന്നിവയാണ് നടപ്പിലാക്കുന്നത്. അഡ്വ. സിറിയക് തോമസ് എം.എൽ.എ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ മന്ത്രി അനൂപ് ജേക്കബ്, ഡീൻ കുര്യാക്കോസ് എം.പി, റോയ് കെ. പൗലോസ് എം.എൽ.എ, ജില്ല പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ പങ്കെടുക്കും. ഇതിന്റെ സ്വാഗത സംഘ രൂപീകരണം 29ന് ഉച്ചയ്ക്ക് 12ന് അഴുത ബ്ലോക് പഞ്ചായത്ത് ഹാളിൽ നടക്കുമെന്ന് കൃഷിവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ടിന്റു മോൾ ജോസഫ് അറിയിച്ചു.

ബോധവത്കരണ ക്ലാസ്

ചെറുതോണി: ദേശീയ ആയുർവേദ ദിനാചരണത്തിന്റെ ഭാഗമായി ആരോഗ്യം നല്ല ഭക്ഷണത്തിലൂടെ എന്ന ആശയത്തെക്കുറിച്ച് അംഗൻവാടി ടീച്ചർമാർ, ആശാവർക്കർമാർ എന്നിവർക്കുള്ള ബോധവത്കരണ ക്ലാസ് പാറേമാവ് ജില്ലാ ആയുർവേദ ആശുപത്രിയിൽ നടത്തി. ഇടുക്കി ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ ഷൈനി റെജി ഉദ്ഘാടനം ചെയ്തു. ചീഫ് മെഡിക്കൽ ഓഫീസർ ഡോ. സി.എം ഹരിമോഹൻ വിഷയാവതരണം നടത്തി. എൻ.എ.എം മെഡിക്കൽ ഓഫീസർമാരായ ഡോ. ആർ. ശരണ്യ, ഡോ. വീണ വെങ്കടേഷ് എന്നിവർ പ്രസംഗിച്ചു.

താല്കാലിക നിയമനം

ചെറുതോണി: തങ്കമണി ഗവ. ഹൈസ്കൂളിൽ നിലവിലുള്ള അധ്യാപക (യു.പി.എസ്.ടി) ഒഴിവിലേക്ക് താല്കാലിക നിയമനം നടത്തും. താല്പര്യമുള്ള ഉദ്യോഗാർഥികൾ 28ന് രാവിലെ 10.30 ന് അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി സ്കൂൾ ഓഫീസിൽ അഭിമുഖത്തിന് ഹാജരാകണമെന്ന് ഹെഡ്മിസ്ട്രസ് അറിയിച്ചു.

സന്ധി മാറ്റിവയ്ക്കൽ നിങ്ങളെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നു

BR LIFE SUT PATTOM Super Specialty Hospital

ഞങ്ങളുടെ മികവുറ്റ വിദഗ്ദ്ധർ നിങ്ങൾക്ക് കാര്യങ്ങൾ എളുപ്പമാക്കുന്നു

ഡിപ്പാർട്മെന്റ് ഓഫ് ഓർത്തോപീഡിക്സ്

വിളിയ്ക്കൂ 0471 4077 777

Your health emergency call will be met with SPEEDY HELP from a doctor at your doorstep.

SK HOSPITAL Touching Human Lives

9645611118 HEAL ON WHEEL

Edappazhanji, Thiruvananthapuram
Ph: 0471- 2944444, 3022222
E: skhospitals@gmail.com
www.skhospitals.com

ജില്ലാ കലക്ടർ ഇറക്കിയ ഉത്തരവ് പട്ടയ നടപടികൾ അട്ടിമറിക്കാനെന്ന്

വണ്ണപ്പുറം: ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തുടങ്ങിവച്ച പട്ടയ നടപടികൾ അട്ടിമറിക്കാനുള്ള യു.ഡി.എഫ് സർ.ക്കർ നീക്കത്തിന്റെ ഭാഗമാണ് ജില്ലാ കലക്ടർ ഇറക്കിയ ഉത്തരവ് എന്ന് കേരള കോൺഗ്രസ് (എം).ദുരന്തനിവാരണ നിയമം2005 സെക്ഷൻ 30 (2) പ്രകാരം കുടിയേറ്റ കർഷകന്റെ വേലിയും മതിലും വീടും വന്യ മൃഗങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യ ത്തിന് തടസമാണെന്ന് പറഞ്ഞ് പൊളിച്ചു നീക്കാൻ വനം വകുപ്പിന് ഒത്താശ ചെയ്യാനാണ് ഉത്തരവ് ഇറക്കിയത്.

വന്യജീവി ആക്രമണത്തിന് കാരണം കർഷകൻ താമസിക്കുന്ന വീടും കെട്ടിടങ്ങളും ആണെന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കണ്ടെത്തൽ വിചിത്രവും കർഷകന്റെ മേൽ അധികാരം സ്ഥാപിക്കാനുള്ള ഗൂഢാലോചന യുടെ ഭാഗവുമാണ്. ജില്ലയിലെ അഞ്ച് യു.ഡി.എഫ് എം.എൽ.എ മാർ അറിയാതെ ഇത്തരം ഉത്തരവ് ഇറങ്ങില്ല. ഇടുക്കി ജില്ലയിലെ ഭൂപ്രശ്നം പരിഹരിക്കും എന്ന് പ്രഖ്യാപിച്ചുകൊണ്ട് അധികാരത്തിൽ വന്ന യു.ഡി.എഫ്.സർക്കാർ പ്രശ്നപരിഹാരം കണ്ടെത്തുന്നില്ല എന്നു മാത്രമല്ല സർക്കാർ അധികാരത്തിൽ വന്ന് നാലുമാസം കഴിയുമ്പോഴേക്കും ഒരു കർഷക വിരുദ്ധ ഉത്തരവുകൂടി ജനങ്ങൾക്ക് സമ്മാനിക്കുന്നു. ജില്ലയിൽ നടന്നിട്ടുള്ള എല്ലാ കുടിയിറക്കുകളും യു.ഡി.എഫ് സർക്കാരുകൾ അധികാരത്തിൽ ഇരുന്ന കാലത്താണ് എന്നത് ശ്രദ്ധേയമാണ്. കുടിയിറക്കിന്റെ വിസ്മയകരമായ മറ്റൊരു രൂപമാണ് ഈ ഉത്തരവ് എന്നും യോഗം വിലയിരുത്തി.

യോഗം നിയോജകമണ്ഡലം പ്രസിഡന്റ് ജിമ്മി മറ്റത്തിപ്പാറ ഉദ്ഘാടനം ചെയ്തു. വണ്ണപ്പുറം മണ്ഡലം പ്രസിഡന്റ് മനോജ് മാമല അധ്യക്ഷത വഹിച്ചു. പ്രഫ:കെ. ഐ.ആന്റണി, റെജി കുന്നംകോട്ട്, അഗസ്റ്റിൻ വട്ടക്കുന്നിൽ,ജോണിമുണ്ടക്കൽ, സെബാസ്റ്റ്യൻ ആടു കുഴി, പി. ജി.സുരേന്ദ്രൻ, ബിജു ഇല്ലിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

ലോട്ടറി മേഖലക്ക് ഉണർവേകുന്ന നയങ്ങൾ രൂപീകരിക്കും

ചെറുതോണി: സംസ്ഥാനത്ത് അധികാരത്തിലേറിയ വി.ഡി. സതീശൻ സർക്കാർ ലോട്ടറി മേഖലക്ക് ഉണർവേകുന്ന നയങ്ങൾ രൂപീകരിക്കുമെന്നും കഴിഞ്ഞ പത്ത് വർഷക്കാലം സംസ്ഥാനത്ത് ലോട്ടറി മേഖലയെ തകർച്ചയിലേക്ക് തള്ളിവിട്ട സർക്കാരാണ് അധികാരത്തിലിരുന്നതെന്നും ഓൾ കേരള ലോട്ടറി ഏജന്റ്സ് സെല്ലേഴ്സ് കോൺഗ്രസ് ഐ.എൻ.ടി.യു. സി ഇടുക്കി ജില്ലാ കമ്മിറ്റി. സംസ്ഥാന വൈസ് പ്രസിഡന്റ് ജോൺസി ഐസക്ക് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് അനിൽ ആനയ്ക്കനാട്ട് അധ്യക്ഷത വഹിച്ചു. സി.കെ ദിവാകരൻ, കെ എസ് ജയകുമാർ, എ പി മാർട്ടിൻ, അനുഷൽ ആന്റണി ,പി ഡി ജോസ് ,കെ എം പൈലി ,ഐസക്ക്, കെ പി ബേബി, മുജീബ് റഹ്മാൻ, അനിത ഐസക്ക്, രാജേഷ് കെ.ജി, ഹരിനാരായണൻ, എം.ജി കണ്ണൻ, മൈക്കിൾ പി. എ എന്നിവർ പ്രസംഗിച്ചു.

വന്ദേമാതരത്താൽ മുഖരിതമായി സരസ്വതി വിദ്യാനികേതൻ

കുടയത്തൂർ: വന്ദേമാതരത്തിന്റെ 150-മത് വാർഷികത്തോടനുബന്ധിച്ച് വിദ്യാഭാരതി അഖിലേന്ത്യ തലത്തിൽ സംഘടിപ്പിച്ച വന്ദേമാതരം സാമൂഹ്യ ആലാപനത്തിൽ പങ്കാളിയായി സരസ്വതി വിദ്യാനികേതനിലെ നൂറുകണക്കിന് കുട്ടികളും അധ്യാപകരും സമൂഹത്തിലെ വിവിധ പ്രമുഖരും.

വിദ്യാലയ സമിതി അധ്യക്ഷൻ കെ.എൻ രഘു അധ്യക്ഷത വഹിച്ചു. ജവഹർ നവോദയ റിട്ടയേർഡ് ഡെപ്യൂട്ടി കമ്മീഷണർ ബെന്നി ജോസഫ് മുഖ്യാതിഥിയായിരുന്നു.

കുടയത്തൂർ ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ഷീബ ചന്ദ്രശേഖരൻ, ബിന്ദു സുധാകരൻ, അജിമോൾ മോഹനൻ, ബിജു കെ.യു, സ്കൂൾ പ്രിൻസിപ്പൽ ധന്യ സി. വിജയൻ, സ്കൂൾ സെക്രട്ടറി എം.ഡി രാജീവ്, അക്കാഡമിക് ഡയറക്ടർ സജീവ് എം, വിദ്യാർഥികളായ എം. മംഗല്യ, തേജസ് വിനായക് എന്നിവർ പ്രസംഗിച്ചു.

ബാങ്ക് ഓഫ് ഇന്ത്യ

BOI Bank of India

ശാഖ: കാട്ടാക്കട കെയർ ബിൽഡിംഗ്, കാട്ടാക്കട.പി.ഒ, തിരുവനന്തപുരം 695572, Ph:0471-2290431/ 2120413 Email: Kattakada.Thiruvananthapuram@bankofindia.co.in

കരസ്ഥപ്പെടുത്തൽ നോട്ടീസ് (റൂൾ 8 (1) സെക്യൂരിറ്റി ഇന്റെറസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾ 2002 പ്രകാരം)

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റെറസ്റ്റ് ആക്ട് 2002 ആക്ട് പ്രകാരം അധികാരം കിട്ടിയിട്ടുള്ള **ബാങ്ക് ഓഫ് ഇന്ത്യയുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്യൂരിറ്റി ഇന്റെസ്റ്റ് (എൻഫോഴ്സ്മെന്റ്) ആക്ട് 2002 സെക്ഷൻ 13 (12) & റൂൾ 3 പ്രകാരം വായ്പക്കാരായ **M/s. അപ്പസ ഹോട്ടൽ** കാർത്തിക, അഞ്ചുതെങ്ങിൻമൂട്, കാട്ടായിക്കോണം, തിരുവനന്തപുരം - 695572, പ്രൊപ്രൈറ്റർ **ശ്രീ. അനൂപ് കുമാർ എസ്. @ ഉണ്ണി & ജാമ്യക്കാരി ശ്രീമതി. സൗമ്യ എൽ. ആർ.** ഇരുവരും താമസം: കാർത്തിക, അഞ്ചുതെങ്ങിൻമൂട്, കാട്ടായിക്കോണം, തിരുവനന്തപുരം - 695572 എന്നിവർ എടുത്ത വായ്പയിലെ കുടിശ്ശിക തുകയായ **10,56,078.46** (പത്ത് ലക്ഷത്തി അൻപത്തിയാറായിരത്തി എഴുപത്തിയെട്ട് രൂപ നാൽപ്പത്തിയാറ് പൈസ) **(05.07.2026** വരെയുള്ള കുടിശ്ശിക) രൂപയും **06.07.2026** മുതലുള്ള കരാർ പ്രകാരമുള്ള വാർഷിക പലിശ മാസാ കണക്കിലും മറ്റു ചിലവുകളും 60 ദിവസത്തിനകം തിരിച്ചടയ്ക്കുന്നതിന് ഒരു ഡിമാന്റ് നോട്ടീസ് **06.07.2026** ൽ അയച്ചിരുന്നു.

വായ്പാക്കാർ/ജാമ്യക്കാർ പ്രസ്തുത സമയത്തിനകം തുക അടയ്ക്കുവാൻ വീഴ്ച വരുത്തിയ തിനെ തുടർന്ന് മേൽപ്പറഞ്ഞ ആക്ടിലെ സെക്ഷൻ 13 (4) & റൂൾ 8 പ്രകാരമുള്ള അധികാരമുപയോഗിച്ച് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുവകകൾ **23.09.2026**-ാം തീയതി കരസ്ഥപ്പെടുത്തിയിരിക്കുന്നതായി വായ്പക്കാരെ/ജാമ്യക്കാരെ, പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഈ വസ്തുവിൽ യാതൊരുവിധ ഇടപാടും നടത്തരുതെന്ന് വായ്പാക്കാരെ/ജാമ്യക്കാരെ/പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ മുന്നറിയിപ്പ് നൽകുന്നു. ഈ വസ്തുവിലുള്ള ഏതൊരു ഇടപാടും **ബാങ്ക് ഓഫ് ഇന്ത്യക്ക്** കിട്ടാനുള്ള **10,80,377.21** (പത്ത് ലക്ഷത്തി എൺപതിനായിരത്തി മൂന്നൂറ് എഴുപത്തിയേഴ് രൂപ ഇരുപത്തിയൊന്ന് പൈസ) **(22.09.2026** തീയതി പ്രകാരമുള്ള കുടിശ്ശിക) രൂപയ്ക്കും **23.09.2026**-ാം തീയതി മുതലുള്ള കരാർ പ്രകാരമുള്ള പലിശ മാസകണക്കിലും മറ്റ് ചിലവുകൾക്കും വിധേയമായിരിക്കും.

ടി ബാദ്ധ്യതയിൽ നിന്നും സെക്യൂരിറ്റഡ് അസറ്റ്സ് ഒഴിപ്പിച്ചെടുക്കുന്നതിനുള്ള കാലവധിയെ സംബന്ധിച്ച് സർഫൈസി നിയമത്തിന്റെ വകുപ്പ് 13(8) ൽ നിഷ്കർഷിച്ചിട്ടുള്ള വസ്തുതകളിലേയ്ക്ക് കൂടി കടക്കാരുടെ ശ്രദ്ധാകഷണിച്ചുകൊള്ളുന്നു. ടി സർഫേസി ആക്ട് പ്രകാരമുള്ള നോട്ടീസ് അയച്ചതിന് ശേഷം എന്തെങ്കിലും തുക അടച്ചിട്ടുണ്ടെങ്കിൽ ആയത് ബാദ്ധ്യത തീരുന മുറയ്ക്ക് പരിഗണി ക്കുന്നതായിരിക്കും.

വസ്തുവിവരണം 1) തിരുവനന്തപുരം ജില്ലയിൽ, കാട്ടാക്കട താലൂക്കിൽ, **കുളത്തൂമ്മൽ വില്ലേജിൽ**, കാട്ടാക്കട എസ്.ആർ.ഒ യുടെ പരിധിയിൽ ബ്ലോക്ക് നമ്പർ 8-ൽ, റീ-സർവ്വേ നമ്പർ 501/10, 501/12-1 (പഴയ സർവ്വേ നമ്പർ 1038/3, 1039/4-2) ൽ ഉൾപ്പെട്ടതും, **ശ്രീമതി. സൗമ്യ എൽ. ആർ, ശ്രീ. അനൂപ് കുമാർ എസ്. @ ഉണ്ണി** എന്നിവർ പേരിൽ സിദ്ധിച്ച **02.55 ആർസ് & 01.50 ആർസ് (ആകെ 04.05 ആർസ്)** വസ്തുവും & 2) തിരുവനന്തപുരം ജില്ലയിൽ, കാട്ടാക്കട താലൂക്കിൽ, **കുളത്തുമ്മൽ വില്ലേജിൽ**, കാട്ടാക്കട എസ്.ആർ.ഒ യുടെ പരിധിയിൽ ബ്ലോക്ക് നമ്പർ 8-ൽ റീ-സർവ്വേ നമ്പർ 501/12-2, 501/11 (പഴയ സർവ്വേ നമ്പർ 1039/4-2, 1038/6) ൽ ഉൾപ്പെട്ട **ശ്രീ. അനൂപ് കുമാർ എസ്. @ ഉണ്ണി** പേരിൽ സിദ്ധിച്ച **0.86 ആർസ്, 03.19 ആർസ് (ആകെ 04.05 ആർസ്)** വസ്തുവും തന്നകത്തുള്ള സകലവകകളും. **അതിരുകൾ (ലൊക്കേഷൻ റിപ്പോർട്ട് പ്രകാരം):** വടക്ക്: റോഡ്, കിഴക്ക്: ഹരികുമാർ വക വസ്തു, തെക്ക്: അനീഷ് കുമാർ വക വസ്തു, പടിഞ്ഞാറ്: പഞ്ചായത്ത് തടം.

തീയതി: 23.09.2026 (ഒപ്പ്) **ചീഫ് മാനേജർ & അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ,**
സ്ഥലം : കാട്ടാക്കട **ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം സോൺ**

MANAPPURAM FINANCE LTD. CIN: L65910KL1992PLC006623, Registered Office : W - 4/ 638A, Manappuram House, P.O. Valapad, Thrissur - 680 567, Kerala, India

സ്വർണ്ണലേല അറിയിപ്പ്

ഞങ്ങളുടെ സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ അതാത് ശാഖകളിൽ വച്ച് 16/10/2026 തിയ്യതികളിൽ രാവിലെ 10.00 മണി മുതൽ പരസ്യമായി ലേലം ചെയ്യുന്നതാണെന്ന് പൊതു ജനങ്ങളേയും പണയ ഇടപാടുകാരെയും പ്രത്യേകിച്ചും ഇതിനാൽ അറിയിക്കുന്നു. സ്വർണ്ണാഭരണങ്ങൾ കമ്പനിയിൽ പണയം വയ്ക്കുകയും കാലാവധി കഴിഞ്ഞതിനെ തുടർന്നു രജിസ്റ്റേർഡ് പോസ്റ്റായി അയച്ച കത്തുകൾ വഴി അറിയിച്ചിട്ടും പണയം വച്ച സ്വർണ്ണാഭരണങ്ങൾ തിരിച്ചെടുത്ത് ഇടപാടുകൾ അവസാനിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത വിവിധ ആളുകളുടെ പണയ ഉരുപ്പടികൾ ആണ് ഇപ്പോൾ ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ലേലത്തിന് വയ്ക്കുന്ന പണയ ഉരുപ്പടികളുടെ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ലേലത്തിലോ പോകാതെ ബാക്കിവരുന്ന പണയ ഉരുപ്പടികൾ മറ്റൊരു അറിയിപ്പും നൽകാതെ വരും തീയ്യതികളിൽ ലേലം ചെയ്യുന്നതുമാണ്. ലേലത്തിന്റെ സ്ഥലത്തിലും തീയ്യതിയിലും എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ മുകളിൽ നൽകിയിട്ടുള്ള ലേല തീയ്യതിയിൽ അതാത് ലേല സ്ഥലത്ത് പ്രദർശിപ്പിക്കുന്നതും കമ്പനിയുടെ വെബ്സൈറ്റിൽ ഇടുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതുമല്ല.

പണയങ്ങളുടെ പട്ടിക (ബ്രാഞ്ചിന്റെ പേര് / പണയ നമ്പർ).....

കൊല്ലം, അഞ്ചൽ, 0105250720000193, 2221, 2244, അഞ്ചാലംമൂട്, 0105590810052946, 0207, 0211, ആയൂർ, 0102510810748101, ഭരണിക്കാവ്, 0118010810030922, 0933, 0192, 0193, ചന്ദനത്തോപ്പ്, 0105700810038783, 0192, ചാത്തന്നൂർ, 0101390810039725, 0247, ചവറ സൗത്ത്, 0134550810026485,0155, കടയ്ക്കൽ,0105690820000168, കടയ്ക്കാടാ, 0105910810037867, 0184, കണ്ണനല്ലൂർ, 0131210810024232, 0314, കരിക്കോട്, 0113910820000225, കൊല്ലം കരുനാഗപ്പള്ളി, 0103080820000218,0220, കൊട്ടാരക്കര,0102540810774823,4838,4843, 0202,0204, കൊട്ടിയം,0113370710032932,2903,0270,0272,0273,0274, കുളത്തുപുഴ, 0105760810044317, 4328, കുണ്ടറ, 0103380810732549, 2586, 2588, 0298, നെല്ലിമുക്ക്, 0107070820000241, നിലമേൽ, 0118900810023616, 3637, 3671, ഓച്ചിറ, 0102280810766537, പള്ളിമുക്ക്, 0107830700023727, പത്തനാപുരം, 0104780820000217, 0222, പുനലൂർ, 0104290810750890, 0898, 0900, 0949, 0211, 0214, 0215, 0216, പുന്നല, 0120030810025766, 5767, 0270, രാമൻകുളങ്ങര, 0106710810047075, സൗത്ത് പറവൂർ, 0105650810039276, തട്ടാമല, 0105940810032092, 2107, 0158, ഉമയനല്ലൂർ,0134420810017975, 7987, 0143, 0144, 0146, തിരുവനന്തപുരം , കൊല്ലം, 0133160810016487, നഗരൂർ, 0133000810019575, 9584, 0177, തിരുവനന്തപുരം, അമ്പലത്തറ, 0117730810023890, ആര്യനാട്, 0112800810023860, 3870, 3901, 3907, 3917, ആറ്റിങ്ങൽ, 0102050810781066, ചിറയൻകീഴ്, 0123290810023813, കല്ലമ്പലം, 0107190810031833, കല്ലറ, 0110300810040005, 0074, 0126, 0128, കണിയാപുരം, 0107020720000160, 1521, കാഞ്ഞിരംകുളം, 0113210810032382, കരമന, 0103350810761698, 0199, 0201, 0206, കാട്ടാക്കട, 0106210810035160, 5162, കുടപനകുന്ന്, 0120900810042314, 2332, 2341, കുമാരപുരം, 0126200810022354, കുറ്റിച്ചൽ, 0116930810023847, 3897, 3898, 3924, മലയിൻകീഴ്, 0110250810024522, 0153, മണക്കാട്, 0110170820000168, 0169, 0170, മെഡിക്കൽ കോളേജ് തിരുവനന്തപുരം, 0104810810045475, 5480, മുട്ടട, 0113080820000129, നെയ്യാറ്റിൻകര, 0104180810752396, 2403, ഓലത്താണി, 0121140710028499, 8482, 0257, 0259, പരുത്തിപ്പാറ, 0126960810018434, 8460, 8501, പട്ടം, 0128220810024342, പെരുംകടവിള, 0110220810019398, പേയാട്, 0110410810027726, 7798, 0138, 0139, 0140, 0142, പൊങ്ങുംമൂട്, 0128130810023414, 3434, 3440, 3450, 0183, 0184, 0185, പൂവ്വച്ചൽ, 0113060810026868, 0161, പൂവാർ, 0110130810030070, 0071, 0098, 0105, 0107, 0294, പോത്തൻകോട്, 0119960810029474, 0122, ശ്രീകാര്യം, 0103390810758721, 0078, 0081, തിരുവനന്തപുരം , 0100780810835946, 5947, 5951, 5952, വർക്കല, 0101780710805563, 0162, വട്ടിയൂർകാവ്, 0105680810043319, വഴുതക്കാട്, 0132280810016816, 6828, വെള്ളറട, 0114830820000149,0151,വെഞ്ഞാറമൂട്,0131030810026459,6465,6541,

മേൽപറഞ്ഞ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇനിഷ്യറയുന്നവ പാലിക്കേതാണ്: - താല്പര്യമുള്ള ലേലക്കാർ ലേലത്തിന്റെ അതേ ദിവസം EMD എന്ന നിലയിൽ രൂ. 10,000/- (വിജയിക്കാത്ത ലേലക്കാർക്ക് മടക്കി നൽകുന്നതാണ്) NEFT/RTGS മുഖേന സമർപ്പിക്കേതാണ്. ലേലക്കാർ സാധുവായ തിരിച്ചറിയൽ കാർഡ്/പാൻ കാർഡ് കൈവശം കരുതിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9072607147 എന്ന നമ്പറിൽ ബന്ധപ്പെടുക.

അധികാരപ്പെട്ട ഉദ്യോഗസ്ഥൻ
മണപ്പുറം ഫിനാൻസ് ലിമിറ്റഡ്.

ആക്സിസ് ബാങ്ക് ലിമിറ്റഡ്
(CIN: L65110GJ1993PLC020769)

ആക്സിസ് ബാങ്ക് ലിമിറ്റഡ്, എസ്എജി ഡിപ്പാർട്ട്മെന്റ്, ഒന്നാം നില, പുതിയ നമ്പർ 3, ക്ലബ് ഹൗസ് റോഡ്, അണ്ണാ സാലൈ, ചെന്നൈ 600 002, തമിഴ്നാട്, ഇന്ത്യ. രജിസ്റ്റേർഡ് ഓഫീസ്: 'ത്രിശൂൽ', മൂന്നാം നില, സമർത്തേശ്വര ക്ഷേത്രത്തിന് എതിർവശം, ലോ ഗാർഡൻ സമീപം, എല്ലിസ്ബ്രിഡ്ജ്, അഹമ്മദാബാദ് 380006. ടെലിഫോൺ നമ്പർ: 07926409322, ഫാക്സ് നമ്പർ: 07926409321, വെബ്സൈറ്റ്: www.axisbank.com

റഫ:AXIS/SAG/SOUTH/2026-27/84 തീയതി: 2026 ഓഗസ്റ്റ് 29

**അറിയിപ